**<u>തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്</u>**
**<u>ജില്ലാ കാര്യാലയം, ആലപ്പുഴ</u>**
<u>ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്</u>
*(ഹാജർ: ശ്രീ. ജോസഫ് കെ. എഫ്.)*

വിഷയം – തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ കാര്യാലയം, ആലപ്പുഴ – പാലമേൽ ഗ്രാമപഞ്ചായത്ത്– പാലമേൽ വില്ലേജ് – സ്കൂൾ കെട്ടിട നിർമ്മാണം– ലേ ഔട്ട് / യൂസേജ് ഓഫ് പ്ലോട്ട് എന്നിവയുടെ അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>ഉത്തരവ് നമ്പർ TCPALP/2170/2021-C / കെ.ഡിസ് തീയതി : 22/11/2021</u>**

പരാമർശം– ശ്രീമതി.ജയശ്രീ തമ്പി, സ്വാതിയിൽ, തെക്കേമുറി, ഭരണിക്കാവ്-ന്റെ 03.11.2021.-ലെ പുതുക്കി സമർപ്പിച്ച അപേക്ഷയും, പ്ലാനുകളും.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിലെ പാലമേൽ വില്ലേജിൽ സർവ്വേ നമ്പർ 435/13-ൽപ്പെട്ട **5,640** ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വസ്തുവിൽ നിലവിലുള്ള ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ എന്നീ നിലകളിലുള്ള ഒന്നാം നമ്പർ ബിൽഡിംഗ് (**981.72** ചതുരശ്ര മീറ്റർ) രണ്ടാം നമ്പർ ബിൽഡിംഗും, ടോയ്‌ലെറ്റ് ബ്ലോക്കും (**276.49** ചതുരശ്ര മീറ്റർ) എന്നിവയോടൊപ്പം ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ, ക്യാബിൻ എന്നീ നിലകളിലുള്ള കെട്ടിട ഭാഗം (**2420.81** ചതുരശ്ര മീറ്റർ) ഒന്നാം നമ്പർ ബിൽഡിംഗിനോട് കൂട്ടിച്ചേർത്ത് നിർമ്മിക്കുന്നതിനും, ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ, സെക്കന്റ് ഫ്ലോർ എന്നീ നിലകളിലുള്ള കെട്ടിട ഭാഗം (**762.64** ചതുരശ്ര മീറ്റർ) ഒന്നാം നമ്പർ ബിൽഡിംഗിനോട് കൂട്ടിച്ചേർത്തുള്ള നിർമ്മാണം ക്രമവത്ക്കരിക്കുന്നതിനും ഉൾപ്പെടെ ആകെ **4441.66** ചതുരശ്ര മീറ്റർ വിസ്തീർണ്ണവും, **0.63 എഫ്.എസ്.ഐ.-യും, 33.17% കവറേജും** ഉള്ള സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി സൂചന പ്രകാരം ശ്രീമതി. ജയശ്രീ തമ്പി, സ്വാതിയിൽ, തെക്കേമുറി, ഭരണിക്കാവ് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ.-2019 ചട്ടം (**5**)(6)(1)എ & ബി, ചട്ടം 30 എന്നിവ പ്രകാരം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി **ലേ ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും (യൂസേജ് ഓഫ് പ്ലോട്ട്)** അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം , നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ കെ.പി.ബി.ആർ.-2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
2. 2008-ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം, 2018-ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ വരുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.
3. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

4. സൈറ്റ് പ്ലാൻ പ്രകാരം കായംകുളം പുനലൂർ റോഡിനും നിർദിഷ്ട സ്ഥലത്തിലും ഇടയിൽ പുറമ്പോക്ക ഭൂമി ഉള്ളതായി കാണുന്നു . ആയതിനാൽ പുറമ്പോക്ക ഭൂമിയിൽ നിന്നും പ്ലോട്ടിലേക്ക പ്രവേശനത്തിനുള്ള അനുമതി ബന്ധപ്പെട്ട ആതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
5. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
6. യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.
7. കെ.പി.ബി.ആർ.-2019 ചട്ടം 22(4) പ്രകാരം സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ നിർമ്മാണ സ്ഥലത്ത് ലഭ്യമാക്കിയിരിക്കണം.
9. കെ.പി.ബി.ആർ.-2019 ചട്ടം 5(4) ക്രമ നമ്പർ (12) പ്രകാരം ഫയർ ഫോഴ്സ് ഡയറക്ടറുടെയോ, അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ അംഗീകാരം വാങ്ങിയിരിയ്ക്കണം.
10. കെ.പി.ബി.ആർ.-2019 ചട്ടം 5(4) പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ആവശ്യമെങ്കിൽ അനുമതി ലഭ്യമാക്കിയിരിക്കണം. പരിസരവാസികൾക്ക് ശബ്ദം, വായു മലിനീകരണം മുതലായവ ഉണ്ടാവാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.
11. കെ.പി.ബി.ആർ.-2019 ചട്ടം 28(1) പ്രകാരം കെട്ടിടങ്ങളിലേക്കുള്ള പ്രവേശന മാർഗത്തിന്റെ വീതി നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
12. കെ.പി.ബി.ആർ.-2019, ചട്ടം (76) (1) പ്രകാരം ഗ്രൗണ്ട് വാട്ടർ റീചാർജിങ്ങിനുള്ള സൗകര്യം നൽകേണ്ടതാണ്.
13. സൈറ്റ് പ്ലാനിൽ പൊളിച്ച് നീക്കുവാനെന്നു കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾ പൊളിച്ച് നീക്കിയിരിക്കണം.
14. കെ.പി.ബി.ആർ.-2019, ചട്ടം (79A) പ്രകാരം നിലവിലുള്ള, പൊളിച്ചു നീക്കേണ്ടതായ കെട്ടിടത്തിന്റെ അവശിഷ്ടങ്ങൾ Construction and Demolition Waste Management Rules 2016 പ്രകാരം സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.
15. പ്രസ്തുത നിർമ്മാണം കെ.പി.ബി.ആർ.-2019-ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

**അംഗീകരിച്ച ലേ-ഔട്ട് നമ്പർ – എൽ.എ. 25/2021**

Signature Not Verified
Digitally signed by JOSEPH K F
Date: 2021.11.22 12:37:36 IST
Reason: Approved

**(ജോസഫ് കെ. എഫ്.)**
**ടൗൺ പ്ലാനർ**
**ആലപ്പുഴ**

**സെക്രട്ടറി, പാലമേൽ ഗ്രാമപഞ്ചായത്ത്** (സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)

പകർപ്പ്: –

1. ജയശ്രീ തമ്പി, സ്വാതിയിൽ, തെക്കേമുറി, ഭരണിക്കാവ്.
2. കരുതൽ ഫയൽ.
3. ഓഫീസ് പകർപ്പ്.